**ഭരണഭാഷ – മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കന്ററി വിഭാഗം
ന്യൂ ബിൽഡിംഗ് ഉള്ളൂർ ലെയിൻ
ജഗതി, തിരുവനന്തപുരം-695014
PH:-0471 2580 743
Email Id:-jdacad@gmail.com

**HSE/10556/2024-Acd C5** **തീയതി:** 17-09-2025

## സർക്കുലർ

വിഷയം:- പൊ.വി.വ-ഹ.സെ.വി-2025-26 അധ്യായന വർഷത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച സർക്കുലറിലെ നിർദ്ദേശത്തിൽ ഇളവ് അനുവദിക്കുന്നത് -സംബന്ധിച്ച്

സൂചന :- ഈ ഓഫീസിലെ 16/07/2025 തീയതിയിലെ HSE/10556/2024-Acd C5 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 2025-26 അധ്യയന വർഷത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലറിലെ 12-ാം നിർദ്ദേശ പ്രകാരം ദിവസവേതന നിയമനത്തിനായി ഇന്റർവ്യൂ സംബന്ധിച്ച നോട്ടിഫിക്കേഷൻ പ്രമുഖ പത്രങ്ങളിലും, പ്രാദേശിക പത്രങ്ങളിലും ഇന്റർവ്യൂവിന് രണ്ടാഴ്ച മുമ്പേ പ്രസിദ്ധീകരിച്ചതിന് ശേഷമേ ഇന്റർവ്യൂ നടത്താവൂ എന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി സർക്കുലർ തീയതിയ്ക്ക് മുമ്പേ തന്നെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചു എന്നും ഇപ്രകാരം നിയമിച്ച അധ്യാപകർക്ക് ടി നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഭാവിയിൽ സൂചന സർക്കുലറിലെ മുഴുവൻ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ട് മാത്രമേ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാവൂ എന്ന കർശന നിർദ്ദേശം നൽകിക്കൊണ്ട്, ഈ അധ്യായന വർഷത്തിൽ 16/07/2025 തീയതിയ്ക്ക് മുമ്പേ നടത്തിയ എയ്ഡഡ്/സർക്കാർ സ്കൂളുകളിലെ ദിവസവേതന നിയമനങ്ങൾക്ക് നിയമനാംഗീകാരം നൽകുന്നതിനായി സൂചന സർക്കുലറിലെ 12-ാം നിർദ്ദേശത്തിലെ ദിവസവേതന നിയമനത്തിനായി ഇന്റർവ്യൂ സംബന്ധിച്ച നോട്ടിഫിക്കേഷൻ പ്രമുഖ പത്രങ്ങളിലും, പ്രാദേശിക പത്രങ്ങളിലും ഇന്റർവ്യൂവിന് **രണ്ടാഴ്ച മുമ്പേ** പ്രസിദ്ധീകരിക്കണം എന്ന നിർദ്ദേശം **ഇന്റർവ്യൂ തീയതിയ്ക്ക് മുമ്പേ ഇന്റർവ്യൂ സംബന്ധിച്ച നോട്ടിഫിക്കേഷൻ പത്രപരസ്യം ചെയ്തിരിക്കണം** എന്നാക്കി ഇളവ് അനുവദിച്ചു ഉത്തരവാകുന്നു.

സൂചന സർക്കുലറിലെ ദിവസവേതന നിയമനത്തിനായി ഇന്റർവ്യൂ സംബന്ധിച്ച

നോട്ടിഫിക്കേഷൻ പ്രമുഖ പത്രങ്ങളിലും, പ്രാദേശിക പത്രങ്ങളിലും ഇന്റർവ്യൂവിന് രണ്ടാഴ്ച മുമ്പേ പ്രസിദ്ധീകരിക്കണം എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേഖല ഉപമേധാവിമാർ നിരസിച്ച എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ ഗസ്റ്റ് നിയമനാംഗീകാര പ്രൊപ്പോസലുകൾ, ഭാവിയിൽ സർക്കാരും, വകുപ്പും നിശ്ചയിച്ചിട്ടുള്ള മുഴുവൻ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ട് മാത്രമേ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുകയുള്ളൂ എന്ന സാക്ഷ്യപത്രം മാനേജർമാരിൽ നിന്നും ലഭ്യമാക്കിയ ശേഷം അംഗീകരിച്ചു നൽകാവുന്നതാണ്.

Signed by
Umesh N S K
Date: 18-09-2025 11:13:27

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :- എല്ലാ മേഖല ഉപമേധാവിമാർക്കും, എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാർക്കും, എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും